# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4148** **12.11.2019-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ഇടപാടുകാരുടെ നഷ്ടപരിഹാരം**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സൊസൈറ്റിയിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കെ.എസ്.എഫ്.ഇ. എത്ര കോടി രൂപ ഇതുവരെ നൽകിയിട്ടുണ്ട്; | (എ) & (ബി) | കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് 15 കോടി രൂപ 4% വാർഷിക പലിശ നിരക്കിൽ 18 മാസ കാലാവധിയിലേക്ക് വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ.ക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ ആദ്യഗഡുവായ 7.5 കോടി രൂപ 03.03.2018 ന് നൽകുകയുണ്ടായി. രണ്ടാമത്തെ ഗഡു നൽകുന്നതിന് മുൻപായി, പണാപഹരണത്തിന് ഉത്തരവാദിയായവരിൽ നിന്ന് 50% തുക തിരികെ പിടിച്ചതിനു ശേഷം മാത്രമേ നൽകാവൂയെന്ന് ഗവൺമെന്റ് ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തതിനാൽ രണ്ടാമത്തെ ഗഡു ഇതുവരെ നല്കിയിട്ടില്ല. |
| (ബി) | ഇനി എത്ര രൂപ നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇങ്ങനെ നൽകിയ തുക എങ്ങനെ തിരിച്ച് പിടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന് എന്തെങ്കിലും ഗ്യാരന്റി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | കെ.എസ്.എഫ്.ഇ.യും, കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും തമ്മിൽ 20.02.2018 ന് ഒപ്പിട്ട MoU ന്റെ അടിസ്ഥാനത്തിൽ 7.5 കോടി രൂപ 4% വാർഷിക പലിശയോടെ 18 മാസ കാലാവധിയിൽ തിരിച്ച് അടക്കാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. വായ്പയ്ക്ക് കേരള ഗവൺമെന്റ് സഹകരണ വകുപ്പ് സെക്രട്ടറി 18 മാസ കാലാവധി യിലേക്കുള്ള ഒപ്പിട്ട സോപാധിക ഗ്യാരണ്ടി ഡീഡ് ഉണ്ട്. നിലവിലെ ഗ്യാരണ്ടി ഡീഡിന്റെ കാലാവധി കഴിഞ്ഞതിനാൽ ഒരു വർഷത്തേക്കുകൂടി കാലാവധി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ